# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 245** | **25/04/2017-ൽ മറുപടിക്ക്**

## മഴക്കാല രോഗങ്ങൾ തടയുന്നതിന് നടപടികൾ

**ചോദ്യം**

**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

എ) മഴക്കാല രോഗങ്ങൾ തടയുന്നത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കമോ;

എ) പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും, ജില്ലകളിലെ പ്രത്യേകതകളും ആവശ്യങ്ങളും ഉൾക്കൊള്ളിച്ച് ഒരു വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി സമയ ബന്ധിതമായി നടപ്പിലാക്കി വരുന്നു. മഴക്കാലം വരുന്നതിനു മുൻപേ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും, ശുചിത്വമിഷനേയും, ഇതര വകുപ്പുകളേയും ഒത്തൊരുമിച്ച് മഴക്കാല പൂർവ്വ ശുചീകരണവും രോഗപ്രതിരോധ നിയന്ത്രണ ബോധവത്കരണ ക്യാമ്പെയിനുകളും നടപ്പിലാക്കി വരുന്നു. രോഗം, രോഗ നിരീക്ഷണം, കൊതുകുനിരീക്ഷണം എന്നിവ കാര്യക്ഷമമാക്കുന്നത് വഴി പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തേതന്നെ കണ്ടുപിടിക്കാനും നിയന്ത്രിക്കാനും സാധിക്കുന്നു. ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരുടെയും മറ്റു ഉദ്യോഗസ്ഥരുടെയും മരുന്നിന്റെയും രോഗനിയന്ത്രണത്തിനുള്ള സാധന സാമഗ്രികളുടെയും ലഭ്യതയും ഉറപ്പ് വരുത്തിയിട്ടുണ്ട്.

രോഗം പൊട്ടിപ്പുറപ്പെടുന്ന അവസരങ്ങളിൽ ദ്രുതകർമ്മസേന രൂപീകരിച്ച് ആവശ്യമായ ഗൃഹസന്ദർശനം മെഡിക്കൽ ക്യാമ്പ്, മൊബൈൽ ക്ലിനിക് എന്നിവ നടത്തി രോഗം എത്രയും പെട്ടെന്ന് കണ്ടെത്തി വേണ്ട ചികിത്സ നൽകുകയും രോഗപകർച്ച തടയുന്നതിനുള്ള

| | | | |
|---|---|---|---|
| | | | കൊതുകുനശീകരണ പ്രവർത്തനങ്ങളും (ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക(ഐഎസ് എസ്) വീടിന് പുറത്ത് അന്തരീക്ഷത്തിൽ കീടനാശിനി തളിക്കുക (ഫോഗിംഗ്), ജലശുദ്ധി ഉറപ്പുവരുത്തുവാനായി ക്ലോറിനേഷൻ ബോധവൽക്കരണ പ്രവർത്തനങ്ങൾ വയറിളക്കം രോഗത്തിന്റെ പാനീയ ചികിത്സയ്ക്ക് ആവശ്യമായ ഒ.ആർ.എസ് ന്റെ ലഭ്യത എന്നിവയും ഉറപ്പാക്കിയിട്ടുണ്ട്. എലിപ്പനി പ്രതിരോധിക്കാനായി ഓടകൾ, കുളങ്ങൾ വൃത്തിയാക്കുന്നവർക്കും., കൃഷിപ്പണി ചെയ്യുന്നവർക്കും, തൊഴിലുറപ്പ ജോലികളിൽ ഏർപ്പെട്ടുന്നവർക്കും ഡോക്സിവൈക്ലിൻ പ്രതിരോധ ഗുളികയും നൽകുന്നുണ്ട്. ഇതിനാവശ്യമായ ഫണ്ടും ജില്ലാതലത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| **ബി)** | മുൻകാലങ്ങളിലും ഇത്തരത്തിൽ മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മാരക രോഗങ്ങൾ ഉൾപ്പെടെ മഴക്കാലരോഗങ്ങൾ പടർന്നു പിടിക്കുന്നത് പ്രത്യേകമായി പരിശോധിക്കുമോ; | **ബി)** | പരിശോധിക്കുന്നതാണ്. പകർച്ചവ്യാധി മൂലമുള്ള മരണം തടയുന്നതിനായി പ്രത്യേക നിർദ്ദേശങ്ങൾ എല്ലാ ഡോക്ടർമാർക്കും നൽകിയിട്ടുണ്ട്. |
| **സി)** | മലിനജലം കെട്ടികിടക്കുന്ന സ്ഥലങ്ങളും മാലിന്യം കുന്നുകൂടുന്ന സ്ഥലങ്ങളും കണ്ടെത്തി അവിടെ നിന്ന് രോഗങ്ങൾ പകരാതിരിക്കാനുള്ള മുൻകരുതലുകൾ എടുക്കുവാൻ തയ്യാറാകുമോ; | **സി)** | ആരോഗ്യവകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ശുചിത്വമിഷന്റെയും സഹകരണത്തോടെ മാലിന്യ സംസ്കരണത്തിനും പകർച്ചവ്യാധികളെ പ്രതിരോധിക്കുവാനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| **ഡി)** | മഴക്കാല രോഗങ്ങൾക്ക് ആവശ്യമായ മരുന്നുകൾ സംസ്ഥാനത്ത് ആരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാകുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; | **ഡി)** | ആവശ്യമായ മരുന്നുകൾ ആരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യം ഉറപ്പുവരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നൽകിയിട്ടുണ്ട്. |
| **ഇ)** | മഴക്കാല രോഗങ്ങൾ തടയുവാനും അത് സംബന്ധിച്ച തുടർപ്രവർത്തനങ്ങൾ നടത്തുവാനും ഇതര ഏജൻസികളുടെ സഹായം തേടാറുണ്ടോ; | **ഇ)** | തേടാറുണ്ട് |
| **എഫ്)** | എൻ.ആർ.എച്ച് .എം -ൽ ഇതിന് പ്രത്യേക ഫണ്ട് മാറ്റിവച്ചിട്ടുണ്ടോ; 2016-17 വർഷത്തിൽ മഴക്കാല രോഗങ്ങൾക്ക് എത്ര തുക എൻ.ആർ.എച്ച് .എം മാറ്റിവെച്ചു; എത്ര | **എഫ്)** | വാർഡുതല ശുചീകരണ പ്രവർത്തനങ്ങൾക്ക് NHM 19.531 കോടി രൂപ അനുവദിച്ചിരുന്നു. ഇത് 19531 വാർഡുകൾക്ക് 10000 രൂപ വീതം |

➡

| | |
|---|---|
| തുക ചെലവാക്കി; എത്ര തുക ബാക്കി ഉണ്ട്; വിശദമായ വിവരം ലഭ്യമാക്കുമോ? | 2016-17 സാമ്പത്തിക വർഷത്തിൽ ഉറവിട നശീകരണ പ്രവർത്തനങ്ങൾ ഉൾപ്പെടെ നടത്താൻ ജില്ലകൾക്ക് നൽകിയിരുന്നു. ഇതിൽ 18.3594 കോടി രൂപ ഇതുവരെ ചിലവാക്കിയിട്ടുണ്ട്. ബാക്കി 1.1716 കോടി രൂപ വാർഡുകളിൽ നീക്കിയിരുപ്പുണ്ട്. |

സെക്ഷൻ ഓഫീസർ